

# സാധകം ചെയ്തെടുത്ത ചിന്തയും ഭാഷയും

**പാരമ്പര്യത്തോട് അഭിമുഖം നിൽക്കുമ്പോഴും ആധുനിക സ്വര വൈവിധ്യങ്ങൾക്ക് ചെവി കൊടുത്തു അഴീക്കോട് മാഷ്**



■ ഡോ. എം.ആർ. രാഘവവാരിയർ

മലയാളനിരൂപണത്തിൽ പ്രഭാമയമായ ഒരു കാലഘട്ടത്തിന്റെ അന്തിക്കതിരുകളിലൊന്നാണ് പ്രൊഫ. സുകുമാർ അഴീക്കോടിന്റെ നിര്യാണത്തോടെ പൊലിഞ്ഞടങ്ങിയത്. കുട്ടികൃഷ്ണമാരാർ, ജോസഫ് മുണ്ടശ്ശേരി, കുറ്റിപ്പുഴ കൃഷ്ണപിള്ള തുടങ്ങിയ മഹാന്മാരായ എഴുത്തുകാരോടൊപ്പം അരങ്ങത്ത് തെളിഞ്ഞുനിന്ന അഴീക്കോട് മാഷ് പ്രമുഖനായ ഒരു പ്രഭാഷകനുമായിരുന്നു. സാഹിത്യത്തിന്റെ നാലതിരുകളിൽ ഒതുങ്ങാതെ ഭാരതീയചിന്തയുടെ വിപുലമേഖലകളിലേയ്ക്ക് പടർന്നുകയറുന്ന ചിന്തയുടെ ഉടമ കൂടിയായിരുന്നു അദ്ദേഹം.

ഞങ്ങളുടെ തലമുറ വിദ്യാഭ്യാസം പൂർത്തിയാക്കി എഴുത്തിന്റേയും വായനയുടേയും ലോകത്തേയ്ക്ക് കടന്നു ചെല്ലുമ്പോൾ അവിടുത്തെ പ്രമുഖശബ്ദങ്ങളിലൊന്ന് അഴീക്കോട് മാഷിന്റേതായിരുന്നു. മാഷിന്റെ പ്രഭാഷണമുണ്ടെങ്കിൽ നാഴികകളോളം നടന്ന് അവിടെ എത്തുക എന്നത് ഒരു നിയമം പോലെയായിരുന്നു, ഞങ്ങളിൽ ചിലർക്ക്. കോഴിക്കോട് വാഗ്ഭടാനന്ദ സ്മാരക വായനശാലയുടെ







വാർഷികാഘോഷത്തിന്ന് മാഷ് വരുന്നുണ്ടെന്നുകേട്ടു. ചെന്നു. അന്ന് മാഷ് മഹാകവി ജിയുടെ ആരാധകനായിരുന്നു. കേകാവൃത്തത്തിൽ രണ്ടുവരി എഴുതിയൊപ്പിക്കാൻ ആരുവിചാരിച്ചാലുമാവും. എന്നാൽ, ശങ്കരക്കുറുപ്പിന്റെ കേക ഒന്നു വേറെയാണ്. അതെഴുതാൻ കുറുപ്പുമാസ്റ്റർക്കേ ആവൂ എന്നുപറഞ്ഞുകൊണ്ട് അന്നു മാഷ് ചെയ്ത പ്രസംഗം ഏതാണ്ടു മുഴുവൻ രൂപത്തിൽ ഇന്നും ഓർമ്മയിലുണ്ട്. പിൽക്കാലത്ത് അദ്ദേഹം വഴിമാറി ജിയുടെ വിമർശകനായ കാലത്തും വിമർശനത്തിന്റെ അടിയിൽ കവിയോടുള്ള ആദരം നിലനിർത്തുകതന്നെ ചെയ്തു.

## നിരൂപണത്തിന്റെ നിരൂപണം

പ്രൊഫ. അഴീക്കോടിന്റെ മുന്തിയ നിരൂപണകൃതി 'ആശാന്റെ സീതാകാവ്യം ആണെന്നുവേണം പറയാൻ. ഇതിഹാസ കഥാപാത്രത്തിന്റെ കരുത്തും ഗരിമയും എങ്ങനെ മഞ്ഞുതുള്ളിയിൽ കാടെന്നപോലെ നിഴലിക്കുന്നു എന്നു വർണ്ണിച്ചുകൊണ്ടുള്ള ആ ഗ്രന്ഥം ഭാഷയിലെ മികച്ച പഠനങ്ങളിലൊന്നാണ്. 'രമണനും മലയാള കവിതയും' എന്ന രചനയാവട്ടെ മലയാളത്തിൽ വ്യാപകമായിപ്പരന്ന ചങ്ങമ്പുഴക്കമ്പത്തിന്നുകൂടിയുള്ള ഒരു വിമർശനമായി വേണം കണക്കാക്കുവാൻ. എതിർക്കുമ്പോൾ സ്വത്വബലമുള്ള ഒരു പ്രതിപക്ഷത്തെ വേണമല്ലോ എതിർക്കാൻ എന്ന മട്ടിൽ ചങ്ങമ്പുഴയെ ഒരു നിമിത്തമാക്കിയെന്നേ ഉള്ളൂ എന്നുതോന്നുന്നു.

നിരൂപണത്തിന്റെ നിരൂപണം എഴുതാൻ ഒരുമ്പെട്ടപ്പോഴാണ് പ്രൊഫ. സുകുമാർ അഴീക്കോടിന്റെ നിരൂപണപ്രതിഭ അതിന്റെ നിശിതസ്വഭാവം പ്രദർശിപ്പിച്ചത്. മലയാളത്തിലെ സാഹിത്യനിരൂപണത്തിന്റെ ചരിത്രത്തിൽ വ്യക്തിമുദ്രപതിപ്പിച്ച പണ്ഡിതന്മാരും കാവ്യാസ്വാദകരുമായ അനേകം അറിയപ്പെടാത്ത നിരൂപകരെപ്പറ്റിയും ആധികാരികമായറിയാൻ അഴീക്കോട് മാഷുടെ ഗവേഷണ പ്രബന്ധമായ 'മലയാള സാഹിത്യനിരൂപണം' എന്ന ഗ്രന്ഥം തന്നെ നോക്കണം. കേവലമൊരു കണക്കെടുപ്പിന്റെ തലത്തിൽനിന്നും ഉയർന്ന് നിരൂപണ ശാഖ കൈവരിച്ച വിവിധങ്ങളായ ഉന്നതികളെ അടയാളപ്പെടുത്തിക്കൊണ്ടാണ് ആ ഗവേഷണപ്രബന്ധം പുരോഗമിക്കുന്നത്.

ഒരു സാഹിത്യനിരൂപകനെന്ന നിലയിൽ താൻ നേടിയ കൈത്തഴക്കവും തെളിമയും ഗൗരവവും അഴീക്കോട് മാഷ് അറിഞ്ഞുപയോഗിച്ചത് 'തത്ത്വമസി' എന്ന ഗ്രന്ഥത്തിലാണെന്നു തോന്നുന്നു. ഗഹനമായ ഭാരതീയചിന്തയാണ് വിഷയം. അഴീക്കോടിനെപ്പോലെ ഒരു പണ്ഡിതനു വപ്രക്രീഡയ്ക്കു ധാരാളം മതിയായ ഒരു വിഷയം. ഉപനിഷത്തുക്കളും ആരണ്യകങ്ങളും മറ്റുമാണ് ആകരഗ്രന്ഥങ്ങൾ. മന്ത്രങ്ങളുടെ അർത്ഥത്തോടൊപ്പം അവയുടെ സൗന്ദര്യംകൂടി കാണാനും വിവരിക്കാനും കാവ്യനിരൂപകനായ മാഷ് കൗതുകപ്പെട്ടു.

കാവ്യനിരൂപണംവഴി സാധകം ചെയ്തെടുത്ത ചിന്തയുടേയും ഭാഷയുടേയും സജീവസാന്നിധ്യമാണ് അഴീക്കോട് മാഷുടെ മറ്റു വിഷയങ്ങളിലുമുള്ള എഴുത്തിനേയും ജീവസ്സുറ്റതാക്കിയത്. എഴുതുന്ന വിഷയം സാഹിത്യമോ രാഷ്ട്രീയമോ സമകാലസാമൂഹ്യപ്രശ്നങ്ങളോ തത്ത്വചിന്തയോ വെറും വിവാദങ്ങളോ ഏതായിരുന്നാലും എഴുത്തിൽ അപൂർവ്വമായ ആശയപ്പൊരികളും അർത്ഥനാളങ്ങളും കൊളുത്തിവിടാൻ മാഷിന് പ്രത്യേകം ഒരു വശ്യതയുണ്ടായിരുന്നു. ഭാരതീയ പാരമ്പര്യങ്ങളോട് അഭിമുഖം നിൽക്കാനും അതേസമയം, ആധുനികലോക വ്യവസ്ഥയുടെ സ്വരവൈവിധ്യങ്ങൾക്ക് ചെവികൊടുക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. ■